## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3422 — 10.12.2018-ൽ മറുപടിക്ക്

### കണ്ണൂർ പാലക്കോട് പുഴയുടെ അഴിമുഖത്ത് പുലിമുട്ട്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.റ്റി.വി.രാജേഷ്** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കണ്ണൂർ ജില്ലയിലെ പാലക്കോട് പുഴയുടെ അഴിമുഖത്ത് മണൽ അടിയുന്നത് കാരണം മണൽതിട്ടയിൽ തട്ടി അപകടങ്ങൾ ഇടയ്ക്കിടെ ഉണ്ടാവുന്നതും മത്സ്യബന്ധനയാനങ്ങൾ കരയ്ക്ക് അടുപ്പിക്കാൻ കഴിയാത്തതും കണക്കിലെടുത്ത് ഇത് ഒഴിവാക്കുന്നതിന് പുലിമുട്ട് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | പാലക്കോട് കടപ്പുറത്തിനും ചൂട്ടാട് കടപ്പുറത്തിനും ഇടയിൽ ഏകദേശം 500 മീറ്റർ നീളത്തിലും 150 മീറ്റർ വീതിയിലും മണൽതിട്ട രൂപപ്പെട്ടിട്ടുണ്ട്. ഈ മണൽതിട്ട നീക്കം ചെയ്യേണ്ടതും പുലിമുട്ട് നിർമ്മിച്ച് നദിയുടെ ഒഴുക്ക് നേരെയാക്കി ബോട്ടുകൾക്കും വള്ളങ്ങൾക്കും കടലിലേക്ക് സുഗമമായി പോകുന്നതിനും എഫ്.എൽ.സി യിലേക്ക് പ്രവേശിക്കേണ്ടതും അനിവാര്യമാണ്. ടി പ്രദേശത്ത് നിന്നും ഏകദേശം 2.00 കിലോ മീറ്റർ മാറി എതിർഭാഗത്ത് തെക്ക് കിഴക്കായിട്ടാണ് പുതിയങ്ങാടി എഫ്.എൽ.സി സ്ഥിതി ചെയ്യുന്നത്. ടി എഫ്.എൽ.സി ഹാർബർ ആക്കി ഉയർത്തണമെന്ന ആവശ്യത്തിന്റെ ഭാഗമായുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. |
| (ബി) | ഇതു സംബന്ധിച്ച് പഠനം നടത്തണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനത്തിൽ എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (ബി) | സാദ്ധ്യതാ പഠനം നടത്തണമെന്നാവശ്യപ്പെട്ട് ബഹു.എം.എൽ.എ, ഫിഷറീസ് വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ